(സി) 12-ാം വാർഷികത്തിന്റെ ഭാഗമായി സി.ഡി.എസ്./ജില്ലാതലങ്ങളിലായി കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ പ്രത്യേക വിപണന മേളകളും, എക്സിബിഷനുകളും സംഘടിപ്പിച്ചിരുന്നു. ഏകദേശം 1,75,00,000 (ഒരു കോടി എഴുപത്തിഅഞ്ചു ലക്ഷം രൂപ മാത്രം) രൂപയുടെ വിറ്റുവരവ് ഈ മേളയിലൂടെ നേടാൻ സാധിച്ചിട്ടുണ്ട്.

കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് വേണ്ടി സ്വീകരിച്ച നടപടികൾ

133 (6051) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണന ശൃംഖലയ്ക്കുവേണ്ടി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) സൂക്ഷ്മ സംരംഭങ്ങളിൽ കുടുംബശ്രീ സവിശേഷ ഇടപെടൽ നടത്തിവരുന്ന പ്രത്യേക മേഖലകൾ എതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണി വികസനത്തിനും മെച്ചപ്പെട്ട വിപണനത്തിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. വിപണന ശൃംഖല രൂപപ്പെടുത്തുന്നതിനായി ആദ്യ പടിയെന്നോണം മാസചന്ത, ദിവസച്ചന്ത, ആഴ്ചച്ചന്ത, ഓണചന്ത, എന്നിവയും മറ്റ് ഉത്സവാനുബന്ധ ചന്തകളും സംഘടിപ്പിച്ചു വരുന്നു. ചന്തകളുടെ സംഘാടനത്തിനും സുഗമമായ നടത്തിപ്പിനും ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകളും രൂപീകരിച്ചുവരുന്നു. കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണനം ഉറപ്പുവരുത്തുന്നതിനായി ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകളുടെയും മൈക്രോ സംരംഭക കൺസൾട്ടന്റുമാരുടെയും സേവനവും പ്രയോജനപ്പെടുത്തിവരുന്നു.

2. വിപണനശൃംഖല രൂപീകരിക്കുന്നതിനായി റീട്ടെയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അൻപതോളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ റീട്ടെയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനായി കെട്ടിടങ്ങൾ വിട്ടുതരാൻ തയ്യാറായി മുന്നോട്ട് വന്നിട്ടുണ്ട്.

3. തൃശൂർ ജില്ലയിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി കമ്മ്യൂണിറ്റി മാർക്കറ്റിംഗ് നെറ്റ് വർക്ക് (ഹോം ഷോപ്പ്) രൂപീകരിച്ചിട്ടുണ്ട്. ഈ മാതൃക മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) കാർഷിക, ക്ഷീര അനുബന്ധമേഖലകളിലും കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ പായ്ക്കിംഗ്, ഗുണനിലവാരം ഉറപ്പാക്കൽ, മാസച്ചന്തകളുടെ സംഘാടനം എന്നിവയിലും പ്രത്യേക ഇടപെടൽ നടത്തിവരുന്നു. പ്രവർത്തന

LIBRARY ARCHIVES Kerala Legislative Assembly

മൂലധനത്തിന്റെ അഭാവംമൂലം മാന്ദ്യം നേരിടുന്ന സംരംഭങ്ങൾക്ക് ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ടെക്നോളജി ഫണ്ട്, രണ്ടാംഘട്ട ധനസഹായം എന്നീയിനങ്ങളിൽ സാമ്പത്തിക സഹായം നൽകി വരുന്നു. കൃഷി, മൃഗ സംരക്ഷണം, വസ്ത്ര നിർമ്മാണം, ചെരിപ്പിന്റെ അപ്പർ നിർമ്മാണം, ഫുഡ് പ്രോസ്സസിംഗ് എന്നീ മേഖലകൾ ഉൽപ്പെട്ട സമഗ്ര പദ്ധതി നടപ്പാക്കി വരുന്നു. അസംസ്കൃത വസ്തുക്കളുടെ ലഭ്യമാക്കൽ മുതൽ ഉൽപ്പന്നങ്ങളുടെ വിപണനം വരെയുള്ള സങ്കീർണ്ണമായ പ്രവർത്തനങ്ങളെ ബന്ധപ്പെടുത്തുവാൻ വേണ്ടി വിവിധ ഏജൻസികളുടെ സാമ്പത്തികവും സാങ്കേതികവുമായ ഏകോപനം സാധ്യമാക്കി, ഉൽപ്പന്നങ്ങൾക്ക് സ്ഥിരം മാർക്കറ്റ് ലഭിക്കുന്നതിനായി വിവിധ ഏജൻസികളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇ.എം.ജി, ഹോംഷോപ്പ്, മാസ ചന്തകൾ, മേളകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. സംരംഭ വികസനത്തിനു വേണ്ടി എം. ഇ. സി-മാരുടെ സേവനം പ്രയോജനപ്പെടുത്തുകയും സംരംഭകരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പരിശീലനം നൽകി വരികയും ചെയ്യുന്നു.

കുടുംബശ്രീയുടെ അപ്പാരൽപാർക്ക്

134 (6052) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയുടെ നേതൃത്വത്തിൽ അപ്പാരൽപാർക്ക് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അവ എത്രയെന്നും എവിടെയൊക്കെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അതിന്റെ പ്രവർത്തന മൂലധനം എത്രയാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ & ബി) കുടുംബശ്രീയുടെ സഹായത്തോടെ കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിൽ തുടങ്ങിയ മിനി അപ്പാരൽ പാർക്ക് വിജയകരമായി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനവിജയത്തിന്റെ പശ്ചാത്തലത്തിൽ കോഴിക്കോട് ജില്ലയിലെ മുക്കം, കാസർകോട് ജില്ലയിലെ ബേഡഡുക്ക, കണ്ണൂർ ജില്ലയിലെ ആറളം എന്നീ ഗ്രമപഞ്ചായത്തുകളിൽ മിനി അപ്പാരൽ പാർക്കുകൾ സ്ഥാപിക്കുവാൻ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ നെടുമ്പന അപ്പാരൽ പാർക്ക് പ്രോജക്ടിന്റെ അടങ്കൽ തുക 71.44 ലക്ഷം രൂപയാണ്. മറ്റു ജില്ലകളിലെ അപ്പാരൽ പാർക്കുകൾക്കായുള്ള പ്രോജക്ട് റിപ്പോർട്ടുകൾ അന്തിമ ഘട്ടത്തിലാണ്. ടി പ്രോജക്ടുകളുടെ പൂർത്തീകരണത്തോടെ മാത്രമേ അവയുടെ പ്രവർത്തന മൂലധനത്തിന്റെ വിശദാംശം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly